"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - എൽ.എ.സി.എ.ഡി.എസ് - വയനാട് ജില്ല - സുൽത്താൻ ബത്തേരി നിയോജക മണ്ഡലത്തിലെ GLPS മീനങ്ങാടി, GUPS കല്ലിങ്കര, GUPS കാരാച്ചാൽ, GLPS കുന്താണി എന്നീ സ്കൂളുകൾക്ക് സ്കൂൾ ബസ് വാങ്ങുന്നതിന് അനുവദിച്ച തുക മാറി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് വയനാട് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ(എം) വകുപ്പ്**

സ.ഉ.(സാധാ) നം.3327/2023/GEDN തീയതി,തിരുവനന്തപുരം, 08-06-2023

പരാമർശം:-

1. 09/12/2016 തീയതിയിലെ സ.ഉ(പി) 178/16/ധന നമ്പർ ഉത്തരവ്
2. 05/03/2019 തീയതിയിലെ സ.ഉ(സാധാ) 1648/19/ധന നമ്പർ ഉത്തരവ്
3. വയനാട് ജില്ലാ കളക്ടറുടെ 25/06/2022 ലെ ആർ.ഡി.3/ 4450/2019 നമ്പർ ഉത്തരവ്
4. 05/01/2023 ലെ സ.ഉ(സാധാ)104/2023/പൊവിവ നമ്പർ ഉത്തരവ്
5. വയനാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ 13/04/2023 ലെ ബി 3/11234/19(1) നമ്പർ കത്ത്

**ഉത്തരവ്**

ആസ്തിവികസന ഫണ്ടിൽ (2019-20) നിന്നും സുൽത്താൻ ബത്തേരി നിയോജക മണ്ഡലത്തിലെ ജി.എൽ.പി.എസ് മീനങ്ങാടി, ജി.യു.പി.എസ് കല്ലിങ്കര, ജി.യു.പി.എസ് കാരച്ചാൽ, ജി.എൽ.പി.എസ് കുന്താണി എന്നീ സ്കൂളുകൾക്ക് 4202-01-800-84-00-00-00-Projects under LAC ADS -Other Projects (NP) എന്ന ശീർഷകത്തിൽ നിന്നും വാഹനം വാങ്ങുന്നതിനായി 80,00,000/- (എൺപത് ലക്ഷം രൂപ മാത്രം) രൂപ അനുവദിച്ചുകൊണ്ട് പരാമർശം (4) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ പ്രസ്തുത തുകയ്ക്കുള്ള ബിൽ ട്രഷറിയിൽ സമർപ്പിച്ച ക്ലിയറൻസിനായി വാംസിൽ അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും ആയത് ഇനിയും പരിഗണിച്ചിട്ടില്ല എന്നും വാംസിൽ നിന്നുള്ള ക്ലിയറൻസ് മെമ്മോ അപ്‌ലോഡ് ചെയ്യാത്ത ബിൽ ഇ - സബ്മിഷൻ ചെയ്യാൻ സാധിക്കില്ല എന്നതിനാൽ 2022-23 സാമ്പത്തിക വർഷം അനുവദിച്ച 80,00,000/- (എൺപത് ലക്ഷം രൂപ മാത്രം) രൂപ വിനിയോഗിക്കുവാൻ സാധിച്ചില്ല എന്നും പ്രസ്തുത തുക 2023-24 സാമ്പത്തിക വർഷത്തേക്ക് അനുവദിച്ച തരുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് സുൽത്താൻ ബത്തേരി വിദ്യാഭ്യാസ ഉപഡയറക്ടർ പരാമർശം (5) പ്രകാരം അപേക്ഷ ലഭ്യമാക്കിയിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ സുൽത്താൻ ബത്തേരി നിയോജക മണ്ഡലത്തിലെ ജി.എൽ.പി.എസ് മീനങ്ങാടി, ജി.യു.പി.എസ് കല്ലിങ്കര, ജി.യു.പി.എസ് കാരച്ചാൽ, ജി.എൽ.പി.എസ് കുന്താണി എന്നീ സ്കൂളുകൾക്ക് ബസ്

വാങ്ങിയ ഇനത്തിൽ ചെലവായ 80,00,000/- (എൺപത് ലക്ഷം രൂപ മാത്രം) രൂപ നടപ്പുസാമ്പത്തിക വർഷം 4202-01-800-84-00-00-00-Projects under LAC ADS -Other Projects (NP) എന്ന ശീർഷകത്തിൽ വകയിരുത്തിയ തുകയിൽ നിന്നും അനുവദിച്ചുകൊണ്ടും പരാമർശം (1) ഉത്തരവിലെ നടപടിക്രമങ്ങൾ, പരാമർശം (3) ഉത്തരവിലെ നിബന്ധനകൾ എന്നിവ പാലിച്ച് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് വയനാട് ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീലത ആർ എസ്
ജോയിന്റ് സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (എ & ഇ) (ആഡിറ്റ്) , തിരുവനന്തപുരം
ജില്ലാ കളക്ടർ, വയനാട്
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, വയനാട്
ധനകാര്യ വകുപ്പ്
ഐ & പി.ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, പൂജപ്പുര (പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് )
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Namitha T
സെക്ഷൻ ഓഫീസർ
Date: 08-06-2023 13:24:45